**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 538**
**07.01.2014 - ലെ മറുപടിയ്ക്ക്**

പങ്കാളിത്ത പെൻഷൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ.അസീസ്<br>,, കോവൂർ കുഞ്ഞുമോൻ | | ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) | സർക്കാർ ജീവനക്കാരിൽ എന്നു മുതൽ സർവ്വീസിൽ പ്രവേശിച്ചവർക്കാണ് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിൽ വരുത്തിയത്; | 2013 ഏപ്രിൽ 01 മുതൽ സംസ്ഥാന സർവ്വീസിൽ ജോലിയിൽ പ്രവേശിച്ച എല്ലാപേർക്കും 07.01.2013 ലെ സ.ഉ. (പി) നം. 20/13/ധന പ്രകാരം ദേശീയ പെൻഷൻ പദ്ധതി ബാധകമാണ്. 01.04.2013 നു ശേഷം ഏകദേശം പതിനായിരം ജീവനക്കാരാണ് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളത്. ഇതിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ ബാധകമായിട്ടുള്ള ജീവനക്കാരൊഴികെയുള്ളവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നാളിതു വരെ ജോലിയിൽ പ്രവേശിച്ച എത്ര സർക്കാർ ജീവനക്കാരാണ് ഉൾപ്പെടുന്നത്; | |
| (സി) | ഇവരിൽ നിന്നും ജീവനക്കാരുടെ വിഹിതമായി എന്തു തുക സർക്കാർ പിരിച്ചെടുത്തു; എന്തു തുക സർക്കാർ വിഹിതമായി സ്വരൂപിച്ചു; | ദേശീയ പെൻഷൻ പദ്ധതിയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പെൻഷൻ വിഹിതം കുറവ് ചെയ്യുന്നതിനും തത്തുല്യ സർക്കാർ വിഹിതത്തോടൊപ്പം ടി തുക നിക്ഷേപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. നിക്ഷേപം ആരംഭിക്കുന്നതിനുള്ള നടപടി തുടർന്ന് സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത തുക എവിടെയാണ് നിക്ഷേപിച്ചിരിക്കുന്നത്; | |
| (ഇ) | തുക പിരിച്ചെടുത്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ** ലഭ്യമാണ്